**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **12-12-2022 - ൽ മറുപടിയ്ക്ക്**

**പേവിഷബാധയ്ക്കെതിരയുള്ള കുത്തിവെയ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കെതിരെയുള്ള ആന്റി റാബീസ് കുത്തിവെയ്പിനുള്ള മരുന്നിന്റെ സ്റ്റോക്കില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിന് ദൗർലഭ്യം നേരിടുന്നില്ല. റാബീസ് വാക്സിന്റെ ഉപഭോഗം നടപ്പ സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായിരുന്നു. ദൗർലഭ്യം നേരിട്ട സ്ഥലങ്ങളിൽ അതാത് സമയത്ത് ഇടപെട്ട് ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളിൽ മൃഗങ്ങളുടെ കടിയേറ്റ് ചികിത്സ തേടുന്ന എല്ലാവർക്കും ആന്റി-റാബീസ് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ആന്റി റാബീസ് ക്ലിനിക്കുകൾ സംസ്ഥാനത്തെ ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിലാണുള്ളത്; വിശദമാക്കുമോ? | (ബി) | നിലവിൽ സംസ്ഥാനത്ത് പേവിഷ ബാധയ്ക്കെതിരെയുള്ള പ്രഥമ ശുശ്രൂഷയും ആന്റി റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി 3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.<br><br>മേൽ സൗകര്യങ്ങൾ വിവിധതലങ്ങളിലുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു. |

| സ്ഥാപനം | റാബീസ് വാക്സിൻ ലഭിക്കുന്ന സ്ഥാപനങ്ങൾ | ഇമ്മ്യൂണോഗ്ലോബുലിൻ ലഭിക്കുന്ന സ്ഥാപനങ്ങൾ |
|---|---|---|
| ജനറൽ ആശുപത്രികൾ | 16 | 12 |
| ജില്ലാ ആശുപത്രികൾ | 17 | 12 |
| സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ | 4 | 1 |
| താലൂക്ക് ആശുപത്രികൾ | 79 | 12 |
| സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ | 210 | 0 |
| പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ | 257 | 0 |
| മെഡിക്കൽ | 9 | 9 |

| | | |
|---|---|---|
| കോളേജുകൾ | | |
| സ്പെഷ്യാലിറ്റി ആശുപത്രികൾ | 4 | 1 |
| നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | 20 | 0 |
| ആകെ | 616 | 47 |

സെക്ഷൻ ഓഫീസർ